**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3069 — 23.03.2015 ൽ മറുപടിയ്ക്ക്

## പഞ്ചവാദ്യ കലപതി കുഴൂർ നാരായണമാരാർക്ക് സ്മാരകമായി വാദ്യകലാ കേന്ദ്രം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പഞ്ചവാദ്യ കലപതി പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി കൊരട്ടി ഗ്രാമപഞ്ചായത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി കുഴൂർ നാരായണമാരാർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സ്ഥലം ലഭ്യമാക്കമെന്ന ഉറപ്പ് ലഭിച്ച സാഹചര്യത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി അനുമതി നൽകുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | കുഴൂർ നാരായണമാരാരുടെ സ്മാരകമായി കൊരട്ടിയിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിന് കുഴൂർ നാരയണമാരാർ ഫൗണ്ടേഷൻ ലഭ്യമാക്കാമെന്നറിയിച്ചിട്ടുള്ള സ്ഥലം സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുവാൻ കൊരട്ടി ഗ്രാമപഞ്ചായത്തിനോടു ആവശ്യപ്പെട്ടിട്ടുണ്ട് ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ കലാകാരന്മാർക്ക് പ്രത്യേകമായി പുരസ്കാരം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്, സർക്കാർ കേരള കലാമണ്ഡലത്തിന് നൽകിയ നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ കലാമണ്ഡലമോ, സർക്കാരോ തുടർന്ന് സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ കലാകാരന്മാർക്ക് പ്രത്യേക സംസ്ഥാന പുരസ്കാരം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ